പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4466      25.10. 2016 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിൽ ഒഴിവുള്ള തസ്തികകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഇ.ബി.യിൽ നിലവിൽ എത്ര തസ്തികകൾ ഒഴിവുണ്ട്; വ്യക്തമാക്കുമോ; | (എ) 19 തസ്തികകളിൽ ഒഴിവുണ്ട്.ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ, പേഴ്സണൽ അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, സീനിയർ അസിസ്റ്റന്റ്. കാഷ്യർ, മീറ്റർ റീഡർ, ഓവർസീയർ, ലൈൻമാൻ, ഡ്രൈവർ, വർക്കർ, ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ്, സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ്, ഫെയർകോപ്പി സൂപ്രണ്ട്, സീനിയർ ഫെയർ കോപ്പി സൂപ്രണ്ട്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, |
| (ബി) ഒഴിവുള്ള തസ്തികകൾ ഏതെല്ലാമാണെന്നും, എത്ര വീതമാണെന്നും വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) ഒഴിവുള്ള തസ്തികകളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു |

| | | |
|---|---|---|
| 1 | ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 |
| 2 | പേഴ്സണൽ അസിസ്റ്റന്റ് | 3 |
| 3 | സീനിയർ സൂപ്രണ്ട് | 4 ഒഴിവുകൾ (പ്രൊമോഷൻ വഴി നികത്തേണ്ടത്) |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 91 ഒഴിവുകൾ (പി.എസ്.സി. വഴി നികത്തേണ്ടത്). പ്രൊമോഷൻ വഴി നികത്തേണ്ട 262 ഒഴിവുകൾ |

| | | | |
|---|---|---|---|
| | 5 | സബ് എഞ്ചിനീയർ | പി.എസ്.സി. വഴി നികത്തേണ്ട 24 ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തേണ്ട 606 ഒഴിവുകൾ |
| | 6 | സീനിയർ അസിസ്റ്റന്റ് | പ്രൊമോഷൻ വഴി നികത്തേണ്ട 413 ഒഴിവുകൾ |
| | 7 | കാഷ്യർ | പി.എസ്.സി. വഴി നികത്തേണ്ട 428 ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തേണ്ട 76 ഒഴിവുകൾ |
| | 8 | മീറ്റർ റീഡർ | പി.എസ്.സി. വഴി നികത്തേണ്ട 532 ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തേണ്ട 334 ഒഴിവുകൾ |
| | 9 | ഓവർസീയർ | പ്രൊമോഷൻ വഴി നികത്തേണ്ട 598 ഒഴിവുകൾ |
| | 10 | ലൈൻമാൻ I & II | പ്രൊമോഷൻ വഴി നികത്തേണ്ട 68 ഒഴിവുകൾ |
| | 11 | ഡ്രൈവർ | 144 |
| | 12 | വർക്കർ | പി.എസ്.സി. വഴി നികത്തേണ്ട 5 ഒഴിവുകൾ. |
| | 13 | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 31 |
| | 14 | സീനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | പ്രൊമോഷൻ വഴി നികത്തേണ്ട 25 |

| | | | |
|---|---|---|---|
| | | | ഒഴിവുകൾ |
| | 15 | ഫെയർകോപ്പി സൂപ്രണ്ട് | പ്രൊമോഷൻ വഴി നികത്തേണ്ട 1 ഒഴിവ് |
| | 16 | സീനിയർ ഫെയർകോപ്പി സൂപ്രണ്ട് | പ്രൊമോഷൻ വഴി നികത്തേണ്ട 3 ഒഴിവ് |
| | 17 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 24 |
| | 18 | സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | പ്രൊമോഷൻ വഴി നികത്തേണ്ട 16 ഒഴിവുകൾ |
| | 19 | സബ് എഞ്ചിനീയർ (സിവിൽ) | പ്രൊമോഷൻ വഴി നികത്തേണ്ട 11 ഒഴിവുകൾ |
| (സി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള അക്കൗണ്ട്സ്/ഫിനാൻസ് ഓഫീസേഴ്സിൽ നിന്നും പ്രൊമോഷൻ നൽകി ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br>പേഴ്സണൽ അസിസ്റ്റന്റ് ആയി പ്രൊമോഷൻ ലഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള യോഗ്യത ഉള്ള ജൂനിയർ പേഴ്സണൽ അസിസ്റ്റന്റ് ഇല്ലാത്തതിനാൽ പ്രസ്തുത ഒഴിവ് നികത്തുവാൻ സാധിച്ചിട്ടില്ല.<br>വർക്കറുടെ 5 ഒഴിവുകളും, അസിസ്റ്റൻറ് എഞ്ചിനീയറുടെ 91 ഒഴിവുകളും പി.എസ്.സി.-യെ അറിയിച്ചിട്ടുണ്ട്. സബ് എഞ്ചിനീയർ ഇലക്ട്രിക്കലിൻറെ 24 എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊമോഷൻ (അപ്പോയിന്റ്മെന്റ് ബൈ ട്രാൻസ്ഫർ) വഴി നികത്തേണ്ട കാഷ്യർ 20 ശതമാനം ക്വാട്ടയിലെ 76, മീറ്റർ റീഡറുടെ തസ്തികയിലെ 25 ശതമാനം ക്വാട്ടയിലെ 334, സബ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ 11 എണ്ണം എന്നീ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ | | |

| | |
|---|---|
| | 32800 ഓളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള/ ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ നിലവിൽ 5625 ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അനുമതി ഇല്ലാതെ ആയതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശനുസരണം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ഓരോ തസ്തികയുടെ ആവശ്യകതയും അതിൽ എത്ര ' എണ്ണം ജീവനക്കാർ വേണമെന്നതും ഉൾപ്പടെ വിശദമായ പഠനം ഐ.ഐ.എം.കോഴിക്കോട് നടത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് വിശകലനം ചെയ്ത് മാത്രമെ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ ജീവനക്കാരുടെ എണ്ണം കണക്കാക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ